നിങ്ങളിൽ ആരെങ്കിലും ഉറക്കത്തിൽ നിന്ന് എഴുന്നേറ്റാൽ അവൻ മൂന്ന് തവണ മൂക്ക് ചീറ്റിക്കൊള്ളട്ടെ. കാരണം പിശാച് അവന്റെ നാസാരന്ധ്രങ്ങളിൽ രാത്രി കഴിച്ചു കൂട്ടിയിരിക്കുന്നു

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -□- പറഞ്ഞു: "നിങ്ങളിൽ ആരെങ്കിലും ഉറക്കത്തിൽ നിന്ന് എഴുന്നേറ്റാൽ അവൻ മൂന്ന് തവണ മൂക്ക് ചീറ്റിക്കൊള്ളട്ടെ. കാരണം പിശാച് അവന്റെ നാസാരന്ധ്രങ്ങളിൽ രാത്രി കഴിച്ചു കൂട്ടിയിരിക്കുന്നു."
[صحيح] [متفق عليه]

ഉറക്കത്തിൽ നിന്ന് എഴുന്നേറ്റാൽ മൂന്ന് തവണ മൂക്കിൽ വെള്ളം കയറ്റി ചീറ്റാൻ നബി -□- ഓർമ്മപ്പെടുത്തുന്നു . വെള്ളം മൂക്കിലേക്ക് പ്രവേശിപ്പിച്ചതിന് ശേഷം ചീറ്റിക്കളയുക എന്നതാണ് ഹദീഥിൽ വന്ന 'ഇസ്തിന്ഥാർ' എന്ന പദത്തിന്റെ ഉദ്ദേശ്യം . പിശാച് മനുഷ്യന്റെ മൂക്കിനുള്ളിൽ രാത്രി കഴിച്ചു കൂട്ടുന്നു എന്നതാണ് അതിന്റെ കാരണമായി നബി -□- അറിയിച്ചത്.

http://www.sunnah.global/hadeeth/ml/show/8377